പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : T 2821 — 27.01.2014 ൽ മറുപടിയ്ക്ക്

**നിതാഖത്ത് നിയമം മൂലം തൊഴിൽ നഷ്ടപ്പെട്ടവർക്ക വേണ്ടിയുള്ള പ്രത്യേക സ്വയം തൊഴിൽ പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. എ. റ്റി ജോർജ്<br>ശ്രീ. എം. പി. വിൻസെന്റ് | | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | സൗദി സർക്കാരിന്റെ നിതാഖത്ത് നിയമം മൂലം തൊഴിൽ നഷ്ടപ്പെട്ട് മടങ്ങി വരുന്ന പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടി സംസ്ഥാന പിന്നാക്ക വിഭാഗ വികസന കമ്മീഷൻ പ്രത്യേക സ്വയം തൊഴിൽ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) | ഇല്ല.<br>എന്നാൽ നിതാഖത്ത് മൂലം തൊഴിൽ നഷ്ടപ്പെട്ട് സൗദി അറേബ്യയിൽ നിന്നും തിരിച്ച് വന്ന മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെടുന്നവർക്ക് ലളിതമായ വ്യവസ്ഥയിൽ വായ്പ നൽകുന്നതിനുള്ള ഒരു സ്വയം തൊഴിൽ പദ്ധതി കേരള സംസ്ഥാന പിന്നോക്ക വിഭാഗ കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം പരമാവധി 10 ലക്ഷം രൂപ വരെ വായ്പ അനുവദിക്കും. പദ്ധതിച്ചെലവിന്റെ 10 % ഗുണഭോക്തൃ വിഹിതമായിരിക്കും. 3 % പലിശ നിരക്കിൽ നൽകുന്ന ഈ വായ്പയുടെ തിരിച്ചടവ് കാലാവധി 84 മാസമാണ്. കുടുംബ വാർഷിക വരുമാനം 1,03,000/- രൂപ വരെയുള്ള 18 നും 55 നും ഇടയിൽ പ്രായ പരിധിയിലുള്ളവർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. |
| (ബി) | എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ ; | (ബി) | |
| (സി) | ഏതെല്ലാം മേഖലയിൽ ആരംഭിക്കുന്ന സ്വയം തൊഴിലുകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നത് ; വിശദമാക്കുമോ ; | (സി) | |
| (ഡി) | എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് പദ്ധതിയിലൂടെ സംരംഭകർക്ക് നൽകുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | |

സെക്ഷൻ ഓഫീസർ